No. R2. 45/2015 Dated: 18/08/2025

# ടെണ്ടർപരസ്യം

ശ്രീവടക്കുംനാഥൻ ക്ഷേത്രമൈതാനിയിൽ 2025 ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് 26 മുതൽ സെപ്തംബർ 8 കൂടി (അത്തം നാൾ മുതൽ നാലോണം കൂടി പുലികളി വരെ) ചെറുകിട കച്ചവടം നടത്തുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ശ്രീവടക്കുംനാഥൻ ക്ഷേത്രമൈതാനിയിൽ കിഴക്കേ ഗോപുരം മുതൽ തെക്കേ ഗോപുരം വരെയും, തെക്കേ ഗോപുരം കിഴക്കു ഭാഗം മുതൽ ബാറ്റ ഷോറൂമിന് മുൻവശം വരെയും പൂക്കച്ചവടം നടത്തരുതെന്ന വ്യവസ്ഥയിലും, പൂക്കച്ചവടം നടത്തുന്ന സ്ഥലത്തു നിന്നും സാമാന്യം അകലം നിലനിർത്തി വ്യവസ്ഥകളോടെ മറ്റ് സ്ഥലങ്ങളിൽ ചെറുകിട കച്ചവടം നടത്താവുന്നതാണ്. ടെണ്ടർ കവറിനു പുറത്ത് **"ഓണം 2025 ചെറുകിട കച്ചവടം"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ 25/08/2025 ന് 3.00 പി.എം വരെ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ അന്നേദിവസം 3.30 പി.എം ന് ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് രേഖപ്പെടുത്തുന്നതാണ്. കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തി/സ്ഥാപനം പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതാണ്. ടെണ്ടർ ഗുണകരമല്ലെന്ന് കാണുന്നപക്ഷം ടെണ്ടർ നടപടികൾ നിർത്തി വെക്കുന്നതിനും, അസാധുവാക്കുന്നതിനും, മറ്റു യുക്തമായ തീരുമാനമെടുക്കുന്നതിനും താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ഓഫീസ് സമയങ്ങളിൽ ഈ ഓഫീസുമായോ, ശ്രീവടക്കുന്നാഥൻ ദേവസ്വം ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. നിബന്ധനകൾ താഴെ ചേർക്കുന്നു.

## നിബന്ധനകൾ

1) കച്ചവടം നടത്തുന്നതിനാവശ്യമായ സർക്കാർ ലൈസൻസുകളും മറ്റും ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലഭ്യമാക്കേണ്ടതാണ്.

2) ക്ഷേത്രാചാരങ്ങൾക്കോ, ചടങ്ങുകൾക്കോ, ഭക്തജനങ്ങൾക്കോ തടസ്സം വരാത്ത വിധം ടെണ്ടർ/ലേലം കൊണ്ടയാൾ കച്ചവടം നടത്തേണ്ടതാണ്.

3) സസ്യേതരഭക്ഷണ പദാർത്ഥങ്ങൾ പാചകം ചെയ്യുകയോ, വിൽപ്പന നടത്തുകയോ ചെയ്യരുത്.

4) ടെണ്ടർ സമർപ്പിക്കുന്ന വ്യക്തി നിരതദ്രവ്യമായി 20,000/- രൂപയുടെ DD (തൃശ്ശൂർ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്നത്) ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5) ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യ നിയമാനുസൃത ജി.എസ്.ടി അടക്കം ശ്രീവടക്കുന്നാഥൻ ദേവസ്വത്തിൽ മുൻകൂറായി അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്.

6) നിരതദ്രവ്യമായി അടക്കുന്ന 20,000/- രൂപ കച്ചവടത്തിന് ശേഷം ബാധ്യതകളൊന്നും ഇല്ലെന്ന് ഉറപ്പ് വരുത്തി മാത്രം പലിശരഹിതമായി നൽകുന്നതാണ്.

7) പൂക്കച്ചവടം ടെണ്ടർ ഇതിനകം നടന്ന സാഹചര്യത്തിൽ പൂക്കച്ചവടം നടത്താൻ പാടില്ലാത്തതാണ്. പൂക്കച്ചവടം നടത്തുന്ന സ്ഥലത്തു നിന്നും സാമാന്യം അകലം നിലനിർത്തി മറ്റു സ്ഥലങ്ങളിൽ കച്ചവടങ്ങൾ നടത്തേണ്ടതാണ്.

8) കച്ചവട സംബന്ധമായി ഉണ്ടാകുന്ന മാലിന്യങ്ങൾ കരാറുകാരന്റെ സ്വന്തം ചെലവിലും, ഉത്തരവാദിത്വത്തിലും, കരാർ കാലാവധി അവസാനിക്കുന്ന ദിവസം തന്നെ പരാതിക്കിടയില്ലാത്തവിധം നീക്കം ചെയ്യേണ്ടതാണ്.

9) ചായ, കാപ്പി, സർബത്ത്, കരിമ്പ്, ഐസ്ക്രീം, മൺപാത്രങ്ങൾ, കളിപ്പാട്ടങ്ങൾ എന്നീ കച്ചവടങ്ങൾ നടത്താവുന്നതാണ്.

10) ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനും, വേണ്ടെന്ന് വെക്കുന്നതിനും, മറ്റ് യുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുന്നതിനും താഴെ ഒപ്പ് വെക്കുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

15/05/25

**ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ**
**(ഇൻചാർജ്ജ്)**
**തൃശ്ശൂർ ഗ്രൂപ്പ്**